പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3298 — 9/04/2013 ൽ മറുപടിയ്ക്ക്

സ്കൂളുകളിലെ ശുദ്ധജല ലഭ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. കെ. രാജു :<br>ശ്രീ. കെ. അജിത് :<br>ശ്രീ. ഇ.കെ. വിജയൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ശുദ്ധജലത്തിന്റെ ദൗർലഭ്യം പൂർണ്ണമായോ ഭാഗികമായോ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡയറക്ടർ, എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സ്കൂൾ സന്ദർശന വേളകളിൽ കുടിവെള്ള ലഭ്യത ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ., ആർ.എം.എസ്.എ എന്നിവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമീണ പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ശുദ്ധജലം ലഭ്യമല്ലാത്ത വിദ്യാലയങ്ങളിൽ ജല ശുദ്ധീകരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകുമോ ; വിശദമാക്കുമോ ? | (ബി) ഇന്ത്യാ ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം ജലമണി പ്രോഗ്രാം വഴി ആദ്യഘട്ടത്തിലുള്ള 396 ഗവൺമെന്റ് സ്കൂളുകളിൽ അൾട്രാഫിൽട്രേഷൻ ജല ശുദ്ധീകരണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 886 ഗവൺമെന്റ് സ്കൂളുകളിൽ ജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ